# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. T 606

29.11.2018 ൽ മറുപടിക്ക്

### ഇറക്കുമതി ചെയ്ത വിദേശ മണൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ് | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) വിദേശ മണൽ ഇറക്കുമതി ചെയ്യാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) 2015 ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 107 ലെ വ്യവസ്ഥകൾക്ക് വിധേയമായി മണൽ ഉൾപ്പെടെയുള്ള ചെറുകിട ധാതുക്കൾ ആർക്കും അന്യസംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നും ഇറക്കുമതി ചെയ്യാവുന്നതാണ്. വിദേശ രാജ്യങ്ങളിൽ നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും മണൽ ഇറക്കുമതി പ്രോത്സാഹിപ്പിക്കുന്നതിനായും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായും 20.02.2018 ലെ നം.57/എ 3/2018/വ്യവ സർക്കുലറിലൂടെ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഇപ്രകാരം ഇറക്കുമതി ചെയ്യപ്പെട്ട മണൽ സംസ്ഥാനത്തെ തുറമുഖങ്ങളിൽ കെട്ടിക്കിടക്കുന്നുണ്ടോ; എങ്കിൽ ഇവ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് കൊച്ചി തുറമുഖത്ത് ഇറക്കുമതി ചെയ്യപ്പെട്ട മണലിൽ ഏകദേശം 1 ലക്ഷം ടൺ മണൽ ഇപ്പോഴും സ്റ്റോക്കുണ്ട്. മണൽ സ്റ്റോക്ക് ചെയ്യുന്നതിന് തുറമുഖ അതോറിറ്റി അനുവദിച്ചിരുന്ന കാലാവധി കഴിഞ്ഞതിനാലാണ് ആയത് വിതരണം ചെയ്യാൻ ലൈസൻസ് അനുവദിക്കാൻ സാധിക്കാത്തത്. സ്റ്റോക്ക് ചെയ്യുന്നതിനുള്ള അനുമതി തുറമുഖ അതോറിറ്റി നീട്ടി നൽകുന്ന മുറയ്ക്ക് മണൽ വില്പന നടത്തുന്നതിനുള്ള ഡീലേഴ്സ് ലൈസൻസ് പുതുക്കി നൽകുന്നതാണ്. |
| (സി) ഇപ്രകാരം ഇറക്കുമതി ചെയ്യപ്പെട്ട മണലിന് വില നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) വില നിശ്ചയിക്കുന്നത് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കാര്യമല്ല. |

(ഡി) നിർമ്മാണ മേഖലയിൽ അനുഭവപ്പെടുന്ന മണൽ ക്ഷാമത്തിന് എന്ത് പരിഹാരമാണ് കണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ഡി) പാറപൊടിച്ച് ഉണ്ടാക്കുന്ന കൃത്രിമ മണൽ നിർമ്മാണ മേഖലയിൽ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. വിദേശത്തു നിന്നും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് മണൽ കൊണ്ടുവന്ന് വില്പന നടത്തുന്നതിന് നിലവിൽ നിയന്ത്രണങ്ങൾ ഇല്ലാത്തതാണ്. കൂടാതെ സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**